# കുവൈറ്റ് മഹാഇടവകയുടെ ഹോശാന പെരുന്നാൾ ശുശ്രൂഷകൾക്ക് ഡോ. മാർ അത്തനേഷ്യസ് മെത്രാപ്പോലിത്താ നേതൃത്വം നൽകി

കുവൈറ്റ് : സെൻറ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാഇടവക ഹോശാന പെരുന്നാൾ കൊണ്ടാടി. കുവൈറ്റിലെ ആയിരക്കണക്കിനുവരുന്ന ഓർത്തഡോക്സ് വിശ്വാസികൾ ഭക്തിപുരസ്സരം പെരുന്നാളിൽ പങ്കെടുത്തു.

മലങ്കര ഓർത്തഡോക്സ് സഭയുടെ കണ്ടനാട് ഈസ്റ്റ് ഭദ്രാസനാധിപൻ ഡോ. തോമസ് മാർ അത്തനേഷ്യസ് മെത്രാപ്പോലിത്തായുടെ മുഖ്യകാർമ്മികത്വത്തിൽ മാർച്ച് 23 ശനിയാഴ്ച്ച വൈകിട്ട് അബ്ബാസിയ മെറിനാ ഹാളിൽ നടന്ന ശുശ്രൂഷകൾക്ക് ഇടവക വികാരി ഫാ. ജോസ് മാത്യൂ, ഫാ. എം.എം. മാത്യൂസ് കോർ-എപ്പിസ്കോപ്പാ, ഫാ. ജെഫിൻ വർഗ്ഗീസ് എന്നിവർ സഹകാർമ്മികത്വം വഹിച്ചു.

ലാസറിനെ ഉയർപ്പിച്ച ശേഷം യെരുശലേമിലേക്ക് പ്രവേശിച്ച യേശുവിനെ സ്വീകരിക്കുവാൻ വലിയ ജനക്കൂട്ടം അവിടെയുണ്ടായിരുന്നു. റോമാസാമ്രാജ്യത്തിൻെറയും, പുരോഹിതന്മാരുടെയും മർദ്ദനഭരണത്തിൽ ജീവിച്ചിരുന്ന ജനം പരിവർത്തനത്തിൻെറ സന്ദേശവുമായി കടന്നുവന്ന ക്രിസ്തുവിനെ രാജതുല്യം സ്വീകരിച്ചതിൻെറ പ്രതീകമാണ് ഹോശാനപ്പെരുന്നാൾ.

*******